## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 88 — 23-01-2018 -ൽ മറുപടിക്ക്

## ഓഖി കൊടുങ്കാറ്റിനെക്കുറിച്ചുള്ള മുന്നറിയിപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.പി. അനിൽ കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | ഓഖി കൊടുങ്കാറ്റിനെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാത്തതും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ 24 മണിക്കൂർ നിഷ്ക്രിയമായതും ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാനും മരണ സംഖ്യ കൂട്ടാനുമിടയായി എന്ന ആരോപണത്തിൽ എത്രത്തോളം വസ്തുതയുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | കേന്ദ്ര കാലാവസ്ഥാ വകുപ്പ് നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ചുഴലിമുന്നറിയിപ്പ് നൽകാത്തതിനാൽ ഇത് സംബന്ധിച്ച് SOP പ്രകാരം ഒരു തരത്തിലുള്ള മുന്നറിയിപ്പും നൽകുവാൻ നിർവ്വാഹമില്ലായിരുന്നു. സംസ്ഥാനത്ത് ചുഴലിക്കാറ്റ് ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര സർക്കാർ NDMA Guidelines - Management of Cyclones, 2008, Cyclone Warning in India - Standard Operation Procedure, 2013 മാനദണ്ഡപ്രകാരം ഒരു മുന്നറിയിപ്പും 30/11/2017-ന് ഉച്ചയ്ക്ക് മുൻപായി നൽകിയിരുന്നില്ല. |
| ബി) | കേന്ദ്ര കാലാവസ്ഥാവകുപ്പ്, ദേശീയ സമുദ്രവിവര വിനിമയ കേന്ദ്രം എന്നീ ഏജൻസികൾ നവംബർ 29-ന് കൊടുങ്കാറ്റിന്റെ ആവിർഭാവം, പ്രതീക്ഷിക്കുന്ന വേഗത, കടൽക്ഷോഭം എന്നിവയെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയിരുന്നോ; | ബി) | 29-11-2017 ന് ഉച്ചക്ക് രണ്ടരക്ക് INCOIS ൽ നിന്നും ഒരു ന്യൂനമർദ്ദ ബുള്ളറ്റിനും കേന്ദ്ര കാലാവസ്ഥാ വകുപ്പ്, INCOIS എന്നിവരിൽ നിന്നും ലഭിച്ച മഴയും, കടൽ സ്ഥിതിയും സംബന്ധിച്ച് SMS ഉം ലഭിച്ചിരുന്നു. എന്നാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ്, ദേശീയ സമുദ്രവിവര വിനിമയ കേന്ദ്രം എന്നീ ഏജൻസികളിൽ നിന്നും ചുഴലിക്കാറ്റ് സംബന്ധിച്ച് ചട്ടപ്രകാരമുള്ള യാതൊരു മുന്നറിയിപ്പും 29/11/2017-ന് സംസ്ഥാനത്തിന് ലഭിച്ചിരുന്നില്ല. |
| സി) | ഓഖി കൊടുങ്കാറ്റിന് മുൻപ് അത് സംബന്ധിച്ച് മറ്റേതെങ്കിലും കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ മുന്നറിയിപ്പ് ലഭിച്ചിരുന്നോ; 2017 നവംബർ 29-നും 30-ാം തീയതി വെളുപ്പിന് 1.30 നും 5.30 നും ഏതെങ്കിലും ഏജൻസികളിൽ നിന്നും അറിയിപ്പ് ലഭിച്ചിരുന്നോ; | സി) & ഡി) | ഓഖി കൊടുങ്കാറ്റിന് മുൻപ് അത് സംബന്ധിച്ച് കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ മുന്നറിയിപ്പ് ലഭിച്ചിരുന്നില്ല. 2017 നവംബർ 29-നും 30-ാം തീയതി വെളുപ്പിന് 1.30 നും 5.30 നും ഏജൻസികളിൽ നിന്നും 'ചുഴലി അറിയിപ്പ്' ലഭിച്ചിരുന്നില്ല. 30/11/2017-നു രാവിലെ 5.30-നുള്ള പ്രവചനത്തിൽ കന്യാകുമാരിയിൽ നിന്ന് 210 കി.മി ദൂരെ ഒരു തീവ്ര ന്യൂനമർദ്ദം എന്ന് പറഞ്ഞിരുന്നു. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 2013-ലെ ചുഴലിക്കാറ്റ് Standard Operating |
| ഡി) | പ്രസ്തുത അറിയിപ്പുകളിൽ തീവ്ര ന്യൂനമർദ്ദമുണ്ടാകുമെന്ന മുന്നറിയിപ്പ് | | |

| | | | |
|---|---|---|---|
| | നൽകിയിരുന്നോ; എങ്കിൽ അത് വിശകലനം ചെയ്ത് ബന്ധപ്പെട്ടവരെ യഥാസമയം അറിയിക്കുന്നതിനും മുൻകരുതൽ എടുക്കുന്നതിനും ദുരന്തനിവാരണ അതോറിറ്റി ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായിട്ടുണ്ടോ; | | Procedure പ്രകാരം Depression എന്ന സ്ഥിതിയിൽ പ്രത്യേക നടപടികൾ ശുപാർശ ചെയ്യുന്നില്ല. Deep Depression എന്ന സ്ഥിതിയിൽ 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണം (Fishermen Advised not to venture into sea) എന്നുള്ള ഉപദേശം നൽകണം' എന്ന അറിയിപ്പ് നൽകുക മാത്രമാണ് ശുപാർശ. Cyclonic Storm എന്ന നിലയിൽ മാത്രമാണ് 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' (Total suspension of fishing) എന്ന നിർദ്ദേശമുള്ളത്. എന്നാൽ ഇത്തരത്തിൽ 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' (Total Suspension of fishing) എന്ന നിർദ്ദേശം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിന്നും ഒരു സാഹചര്യത്തിലും കേരളത്തിന് ലഭിച്ചിട്ടില്ല. |
| ഇ) | എങ്കിൽ വീഴ്ചവരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഇ) | ബാധകമല്ല. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ